**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5671** **05.07.2013-ൽ മറുപടിക്ക്**

**"ആലപ്പുഴ ജില്ലയിൽ എൽ.പി.എസ്.എ.യുടെ ഒഴിവുകൾ"**

| ചോദ്യം<br>ശ്രീ.ആർ.സെൽവരാജ് | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) ആലപ്പുഴജില്ലയിൽ എൽ.പി.എസ്.എ.യുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) നിലവിൽ 81 ഒഴിവുകൾ ഉണ്ട്. ഇതിൽ 2007 മുതൽ 2010 വരെയുള്ള എൻ.സി.എ (സംവരണ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളുടെ കുറവ്) ഒഴിവുകൾ 44-ഉം, പി.എസ്.സി.ക്ക് നേരിട്ടുള്ള നിയമനത്തിന് 16-ഉം, അന്തർജില്ലാ സ്ഥലംമാറ്റത്തിന് 10-ഉം, തസ്തികമാറ്റം വഴിയുള്ളതിന് 2-ഉം ഉൾപ്പെടുന്നു. ബാക്കി 9 ഒഴിവുകൾക്ക് 2013-14-ലെ തസ്തിക നിർണ്ണയത്തിൽ കുറവ് പ്രതീക്ഷിക്കുന്നു. |
| (ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) പി.എസ്.സി.ക്ക് വിഹിതം ചെയ്ത 16 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തു. |
| (സി) ഇല്ലായെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) ബാധകമല്ല. |
| (ഡി) കരാർ, ദിവസവേതന അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിൽ എത്ര പേരാണ് ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) കരാർ അടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല. എന്നാൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത 44 എൻ.സി.എ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകർ ജോലി ചെയ്യുന്നു. ഇവ കൂടാതെ അന്തർ ജില്ലാ സ്ഥലംമാറ്റം, തസ്തികമാറ്റം എന്നിവയ്ക്ക് വിഹിതം ചെയ്യപ്പെട്ട ഒഴിവുകളിലും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. |
| (ഇ) പ്രസ്തുത ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ടുന്ന നടപടി സ്വീകരിക്കുമോ? | (ഇ) പ്രസ്തുത ഒഴിവുകൾ നേരത്തെ തന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തവയാണ്. |

സെക്ഷൻ ഓഫീസർ